"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി ജ്യോതിലക്ഷ്മി വി. ഫയൽ ചെയ്ത WP(C)No.4097/2020-ന്മേൽ ബഹു.ഹൈക്കോടതി 01.02.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.4331/2024/GEDN തീയതി,തിരുവനന്തപുരം, 11-07-2024**

പരാമർശം:-

1. WP(C)No.4097/2020-ന്മേൽ ബഹു.ഹൈക്കോടതി 01.02.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
2. കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/04/2024-ലെ സി/686/2020 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.04.2024-ലെ R5/8866/2024/ഡി.ജി.ഇ നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി ജ്യോതിലക്ഷ്മി വി. ഫയൽചെയ്ത WP(C) നമ്പർ 4097/2020-ന്മേൽ ബഹു.ഹൈക്കോടതി 01.02.2024 തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ , ഹർജിക്കാരിക്ക് അനുവദിച്ച വാർഷിക ഇൻക്രിമെന്റിൽ ഓഡിറ്റ് ഒബ്ജക്ഷൻ വന്നത് മൂലം ടി ആനുകൂല്യം നിരസിച്ചിട്ടുള്ള വിഷയത്തിൽ ഹർജിക്കാരിയെ കേട്ട് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 24.04.2024 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരിയായ ശ്രീമതി.വി. ജ്യോതിലക്ഷ്മിയുടെ അപേക്ഷ ഇപ്രകാരമാണ്:**

17.07.1987 തീയതിയിൽ യു.പി.എസ്.എ ആയി സേവനത്തിൽ പ്രവേശിച്ച എന്നെ 01.06.2018 തീയതിയിൽ സ്ഥാനക്കയറ്റം നൽകി പ്രഥമാധ്യാപികയായി നിയമിച്ചിട്ടുള്ളതാകുന്നു. 01.06.2018 തീയതിയിൽ ഹെഡ്മിസ്ട്രസ് തസ്തികയിൽ ശമ്പളനിർണ്ണയം KSR Part I Rule 28A അനുസരിച്ച് അനുവദിച്ച് തന്നിട്ടുള്ളതാകുന്നു. എന്റെ സാധാരണ ഇൻക്രിമെന്റ് തീയതിയായ 01.07.2018 തീയതിയിൽ അടുത്ത ഇൻക്രിമെന്റിനും അർഹതയുണ്ട്. അദ്ധ്യാപികയായും, പ്രഥമാദ്ധ്യാപികയായും കൂടി ആകെ 28 വർഷത്തെ സേവനമുള്ള പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്ക് അർഹതപ്പെട്ട ഹയർ ഗ്രേഡ് പ്രൊമോഷൻ 01.06.2018 തീയതിയിൽ തന്നെ അനുവദിച്ചു തന്നിട്ടുള്ളതും KSR Part I Rule 28A അനുസരിച്ചുള്ള ശമ്പളനിർണ്ണയവും ലഭിച്ചിട്ടുള്ളതാണ്. ഞാൻ ഹെഡ്മാസ്റ്റർ തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ ഇൻക്രിമെന്റ് ലഭിക്കേണ്ടിയിരുന്ന 01.07.2018 തീയതിയിൽ അടുത്ത ഇൻക്രിമെന്റും അനുവദിച്ചു തന്നിരുന്നു. 01.07.2018 തീയതിയിൽ അനുവദിച്ച ഇൻക്രിമെന്റിനെ സംബന്ധിച്ച് ആഡിറ്റ് തടസ്സവാദം ഉന്നയിക്കുകയും അത് തിരിച്ചടയ്ക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ഇൻക്രിമെന്റ് എനിക്ക് അർഹതപ്പെട്ടതാണെന്ന ബോധ്യത്തിലാണ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) 4097/2020 നമ്പർ ഹർജി നൽകിയത്.

ടി ഹർജിയുടെ 01.02.2024 തീയതിയിലെ വിധിപ്രസ്താവത്തിന്റെ അടിസ്ഥാനത്തിലും 31.05.2024 തീയതിയിൽ ഞാൻ സേവനത്തിൽ നിന്നും വിരമിക്കുന്നു എന്ന വസ്തുതയും പരിഗണിച്ച് WP(C)No.4097/2020-മേൽ നിയമനടപടികൾ തുടരേണ്ടതില്ലായെന്ന് ഞാൻ തീരുമാനിച്ചിട്ടുള്ള വിവരം വിനയപുരസ്സരം അറിയിക്കുന്നു. അതുകൊണ്ട് 01.07.2018 തീയതിയിൽ അനുവദിച്ചു തന്ന ഇൻക്രിമെന്റ് ഒഴിവാക്കി തുടർന്നുള്ള വാർഷിക ഇൻക്രിമെന്റുകൾ 01.06.2019, 01.06.2020, 01.06.2021, 01.06.2022, 01.06.2023 തീയതികളിലായി ക്രമീകരിച്ചു തരുവാൻ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസറോട് രേഖാമൂലം ആവശ്യപ്പെട്ടതനുസ്സരിച്ച് ക്രമീകരിച്ചു തന്നിട്ടുള്ളതുമാകുന്നു. അതിൻപ്രകാരമുള്ള ശമ്പളക്കുടിശ്ശിക എഴുതി മാറിയപ്പോൾ ഇതേ കാലയളവിൽ അധികമായി കൈപ്പറ്റിയ തുക കുറവു ചെയ്തു മാത്രമേ കൈപ്പിറ്റിയിട്ടുള്ളുവെന്ന വസ്തുതയും വിനയപൂർവ്വം അറിയിക്കുന്നു.

ആഡിറ്റ് നിർദ്ദേശങ്ങൾ അനുസരിച്ച് ശമ്പളം ക്രമീകരിച്ചിട്ടുള്ളതും അതനുസ്സരിച്ച് പെൻഷൻ അനുവദിക്കുവാനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഈ വിഷയത്തിൽ

തുടർന്ന് നിയമനടപടികളുമായി മുന്നോട്ടു പോകേണ്ടതില്ലായെന്ന് ഞാൻ തീരുമാനിച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

**3. ശാസ്താംകോട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്.ൽ 01/06/2018 മുതൽ പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിക്കുകയും 01/06/2018 മുതൽ പ്രഥമാദ്ധ്യാപികയുടെ ശമ്പളസ്കെയിലിൽ തന്നെ ശമ്പളനിർണ്ണയവും പ്രസ്തുത തീയതിയിൽ തന്നെ ഹയർ ഗ്രേഡും അനുവദിച്ചു നൽകുകയും ചെയ്തിരുന്നു. പ്രഥമാദ്ധ്യാപിക തസ്തികയിലെ ശമ്പളനിർണ്ണയവും പ്രഥമാദ്ധ്യാപിക തസ്തികയിലെ ഹയർ ഗ്രേഡും ഒരേ തീയതിയിൽ ലഭിച്ചിട്ടുള്ളതിനാൽ 01/06/2018-ൽ നാല് ഇന്റക്രിമെന്റ് ശമ്പളവർദ്ധനവ് ലഭിച്ചിട്ടുള്ളതാണ്. ഇക്കാരണത്താൽ 01/06/2019 മുതൽ മാത്രമേ അടുത്ത വാർഷിക ഇൻക്രിമെന്റിന് അർഹതയുള്ളൂ. ഈ കാര്യാലയത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നടത്തിയ ആഡിറ്റ് പ്രകാരം 01/07/2018-ൽ അനർഹമായി അനുവദിച്ചു നൽകിയ ഇൻക്രിമെന്റ് ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ അടയ്ക്കാൻ നിർദ്ദേശം നൽകി. ഇതിനെതിരെ ശ്രീമതി.ജ്യോതിലക്ഷ്മി ബഹു. കേരളാ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും താത്ക്കാലികമായി തുക തിരിച്ചടയ്ക്കുന്നത് തടയുകയും ചെയ്തിരുന്നു.

ശ്രീമതി.ജ്യോതിലക്ഷ്മി 31/05/2024-ന് സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ ആഡിറ്റ് തടസ്സവാദത്തിന്റെ ഫലമായി നടത്തിയ ഫിക്സേഷന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പെൻഷൻ പ്രൊപ്പോസൽ ഒരു മാസത്തിനകം പരിഗണിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് തടസ്സവാദത്തെ തുടർന്ന് 01/07/2018-ൽ തെറ്റായി അനുവദിച്ച ഇൻക്രിമെന്റ് ഒഴിവാക്കി ശമ്പളപരിഷ്ക്കരണ പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ സമർപ്പിക്കുകയും അത് അംഗീകരിച്ചു നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

ശ്രീമതി ജ്യോതിലക്ഷ്മി വി. ശാസ്താംകോട്ട ഉപജില്ലയിലെ പതാരം എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്.ൽ യു.പി.എസ്.എ. ആയി റഗുലർ സർവീസ് ആരംഭിക്കുകയും 01.06.2018 പ്രാബല്യത്തിൽ ഹെഡ്മിസ്ട്രസ്സ് ആയി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. 01.06.2018-ന് ശ്രീമതി ജ്യോതിലക്ഷ്മി വ‍ി.ക്ക് എച്ച്.എം. തസ്തികയിൽ KSR Part 1 Rule 28 A പ്രകാരം ശമ്പളം നിർണ്ണയിച്ച നൽകി. 28 വർഷം മൊത്തം സേവനകാലം ഉള്ള ഹെഡ്മാസ്റ്റർമാർക്ക് എച്ച്.എം. ഹയർ ഗ്രേഡിന് അർഹത ഉള്ളതിനാൽ ശ്രീമതി ജ്യോതിലക്ഷ്മി വി.ക്ക് എച്ച്.എം. പ്രൊമോഷൻ ശമ്പളനിർണ്ണയം നടത്തിയ 01.06.2018-ന് തന്നെ എച്ച്.എം. ഹയർ ഗ്രേഡും അനുവദിച്ച നൽകി. തുടർന്ന് അസിസ്റ്റന്റ് ടീച്ചർ തസ്തികയിലെ ഇൻക്രിമെന്റ് തീയതിയായ 01.07.2018-ന് എ.ഇ.ഒ. ഇൻക്രിമെന്റ്റ് അനുവദിച്ച നൽകി. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തിയ ഓഡിറ്റിൽ ഇത് തടസപ്പെടുത്തുകയും അധികമായി കൈപ്പറ്റിയ തുക തിരികെ അടക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതിന് എതിരായി ശ്രീമതി ജ്യോതിലക്ഷ്മി വി. ബഹു. കേരളാ ഹൈക്കോടതിയിൽ റിട്ട് ഹർജി നം.4097/2020 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി മേൽ റിക്കവറി താൽക്കാലികമായി തടയുകയും ചെയ്തു.

ഈ വിഷയം പരിശോധിക്കുമ്പോൾ, 2014 PAY REVISION ORDER ANNEXURE I, PARA 11 ഇപ്രകാരം വ്യക്തമാക്കുന്നു: "In the case of Time Bound Higher Grade promotion, the pay in the higher time scale will be fixed in terms of Rule 28 A Part 1 KSR i.e. one notional increment will be given and thereafter the pay in the higher grade scale will be fixed at the next stage above the pay in the lower time scale, arrived after adding notional increment, as on the date of the higher grade promotion. However, he will draw his next increment in the grade scale on the date he would have drawn his normal increment in the lower scale. But in the case of an officer who got the benefit of more than two increments on account of fixation of pay on sanction of higher grade, he will draw his next increment on completion of one year service in the grade scale. The existing option facility for Time Bound Higher Grade Promotion is withdrawn with

effect from 01/02/2016. The fixation on Time Bound Higher Grade Promotion shall be done on the due date itself. The revised fixation rule will be made applicable for Time Bound Higher Grade promotion due on or after 01/02/2016."

മേൽ വ്യവസ്ഥ പ്രകാരം ഗ്രേഡ് സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് ലോവർ സ്കെയിലിലെ നോർമൽ ഇൻക്രിമെന്റ് തീയതിയിലാണ് അനുവദിക്കേണ്ടത്. എൽ.പി./യു.പി. അധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിൽ പ്രൊമോഷൻ ലഭിച്ച ശേഷം ആകെ അധ്യാപന കാലം 28 വർഷം പൂർത്തിയാകുമ്പോൾ അല്ലെങ്കിൽ ഹെഡ്മാസ്റ്റർ തസ്തികയിൽ 8 വർഷം പൂർത്തിയാകുമ്പോൾ അനുവദിക്കുന്ന സമയബന്ധിത ഹയർ ഗ്രേഡ് ആണ് എച്ച്.എം. ഹയർ ഗ്രേഡ്. 2014 ശമ്പളപരിഷ്കരണ ഉത്തരവിലെ മേൽ പ്രസ്താവിച്ച വ്യവസ്ഥ പ്രകാരം അടുത്ത ഇൻക്രിമെന്റ് അനുവദിക്കേണ്ടത് ലോവർ തസ്തികയിലെ ഇൻക്രിമെന്റ് തീയതിയിൽ ആണ്. ഈ കേസിൽ എച്ച്.എം.(ഹയർ ഗ്രേഡ്) തസ്തികയുടെ ലോവർ തസ്തിക എച്ച്.എം. തസ്തിക ആണ്; യു.പി.എസ്.എ. തസ്തിക അല്ല. അതിനാൽ ഹെഡ്മാസ്റ്റർ (ഹയർ ഗ്രേഡ്) തസ്തികയിലെ റീ-ഫിക്സേഷൻ അസിസ്റ്റന്റ് ടീച്ചർ തസ്തികയുടെ ഇൻക്രിമെന്റ് തീയതിയിൽ അനുവദിക്കുവാൻ സാധിക്കില്ല. ഹെഡ്മാസ്റ്റർ (ഹയർ ഗ്രേഡ്) തസ്തികയിലെ റീ-ഫിക്സേഷൻ ഹെഡ്മാസ്റ്റർ തസ്തികയുടെ ഇൻക്രിമെന്റ് തീയതിയിൽ മാത്രമേ അനുവദിക്കാൻ സാധിക്കൂ. സർക്കാർ ഈ വിഷയം അക്കൗണ്ടന്റ് ജനറലിന് അയച്ച കത്ത് നം. 784449/Rules A1/2018/Fin Dt.28.11.2018, കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയച്ച കത്ത് നം. L1/427/2018/GEdn Dt.22/06/2018, G.O.(Rt)No.4014/2021/GEDN Dated 12.09.2021 (സമാനമായ ഒരു കേസിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്) എന്നിവ പ്രകാരം സ്പഷ്ടമാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ശ്രീമതി ജ്യോതിലക്ഷ്മി വി.യുടെ കേസിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് തടസ്സവാദം നിലനിൽക്കുന്നതാണ് എന്നാണ് കാണുന്നത്. മേൽ പ്രസ്താവിച്ച വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നു.

**5.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെ വാദങ്ങളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ

ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 01.07.2018-ൽ വാർഷിക ഇൻക്രിമെന്റ് അനുവദിച്ച വകയിൽ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാനുള്ള ഉത്തരവ് റദ്ദ് ചെയ്യണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ താഴെ കൊടുക്കുന്നു.

1) ഹർജിക്കാരിക്ക് 01.06.2018 മുതൽ ഹെഡ്മിസ്ട്രസ് ആയി സ്ഥാനക്കയറ്റം ലഭിക്കുകയും ശമ്പളനിർണ്ണയം നടത്തുകയും ചെയ്തു.

2) 01.06.2018-ൽ തന്നെ 28 വർഷത്തെ ഗ്രേഡ് അനുവദിക്കുകയും ശമ്പളനിർണ്ണയം നടത്തുകയും ചെയ്തു.

3) അങ്ങനെ 01.06.2018-ൽ തന്നെ 4 ഇൻക്രിമെന്റ് വർദ്ധനവ് ടിയാരിക്ക് ലഭിച്ചു.

4) എന്നാൽ താഴ്ന്ന തസ്തികയിലെ വാർഷിക ഇൻക്രിമെന്റ് തീയതി പ്രകാരം ടിയാരിക്ക് 01.07.2018-ൽ വീണ്ടും ഒരു ഇൻക്രിമെന്റ് അനുവദിച്ചു.

5) 01.06.2018-ൽ ഹെഡ്മിസ്ട്രസ് ആയി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതിനാൽ അടുത്ത വാർഷിക ഇൻക്രിമെന്റ് തീയതി 01.06.2019 ആണെന്നും, 01.07.2018-ൽ അനർഹമായി അനുവദിച്ചു നൽകിയ ഇൻക്രിമെന്റ് പ്രകാരം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കേണ്ടതാണെന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റിൽ വ്യക്തമാക്കിയിരുന്നു.

6) ഇതിനെതിരെ ടിയാരി ഫയൽ ചെയ്ത റിട്ട് ഹർജിയിലുള്ള ഉത്തരവ് പ്രകാരം തുക തിരിച്ചടയ്ക്കുന്നത് താൽക്കാലികമായി തടഞ്ഞിരുന്നു.

7) 01.07.2018-ൽ തെറ്റായി അനുവദിച്ച ഇൻക്രിമെന്റ് ഒഴിവാക്കി ശമ്പളപരിഷ്കരണം നടത്തുകയും പെൻഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

8) വാർഷിക ഇൻക്രിമെന്റ് ഇനത്തിൽ കൈപ്പറ്റിയ അധികതുക തിരിച്ചടച്ചിട്ടുണ്ടെന്ന് ഹർജിക്കാരി ഹിയറിങ് വേളയിൽ വ്യക്തമാക്കിയിരുന്നു.

**6.** മേൽ സാഹചര്യത്തിൽ, ശ്രീമതി. ജ്യോതിലക്ഷ്മിയുടെ പെൻഷൻ പ്രൊപ്പോസൽ പരിഗണിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, അപ്രകാരം WP(C)No.4097/2020-മേൽ ബഹു. ഹൈക്കോടതി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

പകർപ്പ്. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, തേവള്ളി, കൊല്ലം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം.

ശ്രീമതി.ജ്യോതിലക്ഷ്മി വി, റിട്ട.ഹെഡ് മിസ്ട്രസ്സ്,

എൻ.എസ്.എൻ.എസ്.പി.എം.യു.പി.എസ്., പതാരം, കൊല്ലം.

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂമീഡിയ) വകുപ്പ്

(പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ.[B1/208/2021/GEDN]

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 11-07-2024 10:52:58

സെക്ഷൻ ഓഫീസർ